**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീ. വിശാഖ്. കെ, ഓഫീസ് അറ്റൻഡന്റ്, പ്രാഥമികാരോഗ്യ കേന്ദ്രം, കുറുമ്പലങ്ങോട്, മലപ്പുറം - പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.3382/2025/H&FWD തീയതി, തിരുവനന്തപുരം, 02-11-2025

---

പരാമർശം:-

1. ശ്രീ. വിശാഖ്. കെ സമർപ്പിച്ച 14.01.2025 തീയതിയിലെ അവധി അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14.08.2025 തീയതിയിലെ ഇ.എഫ്.1-5244/2025/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം കുറുമ്പലങ്ങോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. വിശാഖ്. കെ-യ്ക്ക് രണ്ടു വർഷത്തെ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന് ചേർന്ന് പഠിക്കുന്നതിനായി 15.01.2025 മുതൽ 14.01.2027 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്ന പരാമർശം (1) അപേക്ഷ പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന് ചേർന്ന് പഠിക്കുന്നതിനായി അപേക്ഷകനെ 14.01.2025 അപരാഹ്നത്തിൽ മലപ്പുറം കുറുമ്പലങ്ങോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം കുറുമ്പലങ്ങോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. വിശാഖ് കെ.-യ്ക്ക് 2024-2026 അദ്ധ്യയന വർഷത്തെ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് ചെയ്യുന്നതിന്, 15.01.2025 മുതൽ 14.01.2027 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർ ഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ. ഭാഗം- I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജി സി എൻ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം.
മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം, കുറമ്പലങ്ങോട്, മലപ്പുറം.
ശ്രീ. വിശാഖ്. കെ, ഓഫീസ് അറ്റൻഡന്റ്, പ്രാഥമികാരോഗ്യ കേന്ദ്രം, മലപ്പുറം (ആരോഗ്യവകുപ്പ് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( 23.10.2025 തീയതിയിലെ E 3286856/HLT-B3/766/2025-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ശേഖരം/ഓഫീസ് കോപ്പി (F2/185/2025-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 02-11-2025 21:21:24